സ.ഉ.(കൈ) നം.185/2023/RD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ കരിന്തളം വില്ലേജിലെ റീ.സ.നം 89/1എ യിൽപ്പെട്ട 40 സെന്റ് സർക്കാർ ഭൂമിയുടെ കമ്പോളവില കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും ഈടാക്കി, ടി ഭൂമി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 20 വർഷത്തേക്ക് പാട്ടത്തിന് നൽകിക്കൊണ്ട് പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് കേരള ക്ലേയ്സ് & സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ(എം)വകുപ്പ്

സ.ഉ.(കൈ) നം.185/2023/RD തീയതി,തിരുവനന്തപുരം, 03-08-2023

പരാമർശം:-

1. സ.ഉ.(എം.എസ്) 356/03/റവ, തീയതി 6/11/2003.
2. സ.ഉ (എം.എസ്) 254/05/റവ തീയതി 16/8/2005.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 28/10/2021-ലെ എൽ.ആർ/4292/21-എൽ.ആർ(എ5) നമ്പർ കത്ത് .
4. കാസർഗോഡ് ജില്ലാ കളക്ടറുടെ 05/03/2022-ലെ ഡി.സി.കെ.എസ്.ജി.ഡി/7399/2020/ഡി3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീസ 89/1 എയിൽ പെട്ട 5 0 ഏക്കർ സർക്കാർ ഭൂമി കേരള ക്ലേസ് ആന്റ് സിറാമിക്പ്രോഡക്ട്സ് ലിമിറ്റഡിന് ബോക്സൈറ്റ് ഖനനം നടത്തുന്നതിന് വേണ്ടി മാത്രം ഉപയോഗിക്കുന്നതിനായി സെന്റിന് 1000 രൂപ ഈടാക്കി പതിച്ചു നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ "ബോക്സൈറ്റ്" ഖനനത്തിനു വേണ്ടി മാത്രം എന്നതു മാറ്റി 'അലുമിനസ് ലാറ്ററേറ്റും ബോക്സൈറ്റും' ഖനനത്തിനുവേണ്ടി എന്നു ഭേദഗതി ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) വൈവിദ്ധ്യവത്കരണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി കമ്പനിയുടെ കരിന്തളം യൂണിറ്റിൽ റി. സ 89/1 എ യിൽ പെട്ട 40 സെന്റ് സ്ഥലത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിന്റെ NOC ലഭ്യമാക്കണമെന്ന് കേരള ക്ലേസ്

ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (1) പ്രകാരം കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് ബോക്സൈറ്റ് ഖനനം മാത്രമേ ചെയ്യാവൂ എന്ന വ്യവസ്ഥയിൽ അനുവദിച്ച പ്രസ്തുത ഭൂമിയിൽ പ്രദേശ വാസികളുടെ എതിർപ്പ മൂലം 2015 മുതൽ ഖനനം നിർത്തിവച്ചിരിക്കുകയാണ് എന്നും പ്രസ്തുത ഭൂമിയിൽ passion fruits, cashew, വാഴ, തെങ്ങ് മുതലായവ കൃഷി ചെയ്യുന്നതായും പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ ഭാരത് പെട്രോളിയം കോർപ്പറേഷനുമായി ചേർന്ന് പെട്രോളിയം റീജിയണൽ ഔട്ട് ലെറ്റ് തുടങ്ങുന്നതിന് കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് NOC നൽകാമോ എന്നതിന്മേൽ സ്പഷ്ടീകരണം നൽകണമെന്നും ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1), (2) എന്നിവ പ്രകാരം കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് അലുമിനസ് ലാറ്ററേറ്റ്, ബോക്സൈറ്റ് എന്നിവ ഖനനം നടത്തുന്നതിന് വേണ്ടി മാത്രം ഉപയോഗിക്കുന്നതിനായി സെന്റിന് 1000/- രൂപ (ആയിരം രൂപ മാത്രം) കമ്പോളവില ഈടാക്കി പതിച്ച് നല്കിയ കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീ.സ 89/1 എയിൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമിയിൽ പെട്ട 40 സെന്റ് ഭൂമി 20 വർഷത്തേക്ക് ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് പാട്ടത്തിന് നല്കിക്കൊണ്ട് പ്രസ്തുത ഭൂമിയിൽ പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷ അധികാരം വിനിയോഗിച്ച് കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1) 40 സെന്റ് ഭൂമിയുടെ നിലവിലെ കമ്പോളവില കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് ഒടുക്കേണ്ടതാണ്. 40 സെന്റ് ഭൂമിയുടെ കമ്പോളവില 25/3/23 ലെ സ.ഉ (പി) 45/2023/നി.വയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ച് പ്രസ്തുത തുകയിൽ നിന്നും 40 സെന്റ് ഭൂമിക്ക് മുൻപ് അടവു വരുത്തിയ തുക കുറച്ചുകൊണ്ട് ബാക്കി തുക കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർ ഈടാക്കേണ്ടതാണ്

2) പെട്രോളിയം ഔട്ട് ലെറ്റ് കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ആയിരിക്കണം.

3) ഭൂമി ഉപ പാട്ടത്തിന് നൽകുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

4) ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുവാൻ പാടില്ല

4) ഇക്കാര്യത്തിലുള്ള നിയമാനുസൃത തുടർനടപടികൾ കാസർഗോഡ് ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗോപകുമാർ.ആർ.എൽ
അഡിഷണൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (A&E/Audit), കേരള, തിരുവനന്തപുരം

ജില്ലാ കളക്ടർ, കാസർഗോഡ്

തഹസിൽദാർ, ഹോസ്ദുർഗ്ഗ് താലൂക്ക്

മാനേജിംഗ് ഡയറക്ടർ, കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്, പാപ്പിനിശ്ശേരി, കണ്ണൂർ

ധനകാര്യ വകുപ്പ് (EXP-A1/269/2022-FIN പ്രകാരം )

നിയമവകുപ്പ് (OPN-G2/4/2022-LAW പ്രകാരം )

വ്യവസായ (എച്ച് ) വകുപ്പ്

പൊതുഭരണ (എസ്.സി) വകുപ്പ് (02/08/2023-ലെ ഇനം നം.1696 പ്രകാരം)

ഇൻഫർമേഷൻ ഓഫീസർ, വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 03-08-2023 17:56:43
സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു മുഖ്യമന്ത്രിയുടെ പി.എസ്- ന്

ബഹു റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ് -ന്

ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറിയ്ക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്

അഡിഷണൽ സെക്രട്ടറിയുടെ സി.എ -യ്ക്ക്

അണ്ടർ സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-08-2023

ഫയൽ നം. എം3/84/2021/റവ. ഇനം നം: 1696

വിഷയം : റവന്യൂ വകുപ്പ് - 06.11.2003-ലെ സ.ഉ.(എം.എസ്.) 356/03/റവ, 16.08.2005-ലെ സ.ഉ.(എം.എസ്.) 254/05/റവ. എന്നിവ പ്രകാരം കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് പതിച്ചു നൽകിയ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീ.സ.89/1 എ-യിൽ പെട്ട 50 ഏക്കർ ഭൂമിയിൽ പെട്ട 40 സെന്റ് സർക്കാർ ഭൂമിയുടെ കമ്പോളവില ഈടാക്കി 20 വർഷത്തേക്ക് BPCL-ന് പാട്ടത്തിന് നല്കിക്കൊണ്ട് പെട്രോളിയം ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിന്, Kerala Clays & Ceramic Products Ltd-ന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

Put up draft GO
03/08

**കേരള സർക്കാർ**

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | എം3/84/2021-റവ |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | 6/11/2003 ലെ സ.ഉ.(എം.എസ്) 356/03/റവ, 16/08/2005 ലെ സ.ഉ.(എം.എസ്) 254/05/റവ എന്നിവ പ്രകാരം കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് പതിച്ചു നല്കിയ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീ.സ 89/1 എയിൽ പെട്ട 50 ഏക്കർ ഭൂമിയിൽ പെട്ട 40 സെന്റ് സർക്കാർ ഭൂമിയുടെ കമ്പോളവില ഈടാക്കി 20 വർഷത്തേക്ക് BPCL ന് പാട്ടത്തിന് നല്കിക്കൊണ്ട് പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന്, Kerala Clays & Ceramic Products Ltd ന് അനുമതി നല്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19.04.2023 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്<br>(നിയമ വകുപ്പിന്റെ അഭിപ്രായം ഉൾക്കൊള്ളിച്ചിട്ടുണ്ട്) |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ.എൽ |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി. ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 27.07.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു. വി |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 31.07.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 31.07.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01.08.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ കരിന്തളം വില്ലേജിലെ റീ.സ.നം 89/1 എ യിൽപ്പെട്ട 40 സെന്റ് സർക്കാർ ഭൂമിയുടെ കമ്പോളവില കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും ഈടാക്കി, ടി ഭൂമി ബി.പി.സി.എൽ ന് 20 വർഷത്തേക്ക് പാട്ടത്തിന് നൽകിക്കൊണ്ട് പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് കേരള ക്ലേയ്സ് & സെറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന് അനുമതി നൽകുന്ന വിഷയം സംബന്ധിച്ച കുറിപ്പാണിത്. കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീ.സ. നം 89/1 എ യിൽ പ്പെട്ട 40 സെന്റ് ഭൂമി സ.ഉ.(എം.എസ്) 356/03/റവ തീയതി 6/11/2003, സ.ഉ (എം.എസ്) 254/05/റവ തീയതി 16/8/2005 എന്നിവ പ്രകാരം അലുമിനസ് ലാറ്ററൈറ്റ് & ബോക്സൈറ്റ് ഖനനത്തിനായി സെന്റിന് 1000/- രൂപ (ആയിരം രൂപ മാത്രം) ഈടാക്കി കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് പതിച്ച് നൽകിയ 50 ഏക്കർ ഭൂമിയുടെ ഭാഗമാണ്.

2. 6/11/2003 ലെ സ.ഉ.(എം.എസ്) 356/03/റവ പ്രകാരം കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീ.സ 89/1 എയിൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമി കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് ബോക്സൈറ്റ് ഖനനം നടത്തുന്നതിന് വേണ്ടി മാത്രം ഉപയോഗിക്കുന്നതിനായി സെന്റിന് 1000 രൂപ ഈടാക്കി പതിച്ചു നൽകിയിരുന്നു. പ്രസ്തുത ഉത്തരവിലെ "ബോക്സൈറ്റ്" ഖനനത്തിനു വേണ്ടി മാത്രം എന്നതു മാറ്റി അലുമിനസ് ലാറ്ററേറ്റും ബോക്സൈറ്റും 'ഖനനത്തിനുവേണ്ടി ' എന്നു ഭേദഗതി ചെയ്തുകൊണ്ട് 16/8/2005 ലെ സ.ഉ (എം.എസ്) 254/05/റവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. വൈവിദ്ധ്യവത്കരണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നതിന്റെ ഭാഗമായി കമ്പനിയുടെ കരിന്തളം യൂണിറ്റിൽ റി. സ 89/1 എ യിൽ പെട്ട 40 സെന്റ് സ്ഥലത്ത് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് റവന്യൂ വകുപ്പിന്റെ NOC ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് KCCP Limited വ്യവസായ വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിന്മേൽ വ്യവസായ വകുപ്പ് റവന്യൂ വകുപ്പിന്റെ അഭിപ്രായം ആരായുകയുണ്ടായി. Kerala Clays & Ceramic Products Ltd പെട്രോളിയം outlet തുടങ്ങുന്നതിന് NOC ക്ക് അപേക്ഷിക്കുകയും ആയതിന്മേൽ നിയമാനുസൃത അന്വേഷണം നടത്തുകയും ചെയ്തതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി GO(Ms) 356/03 തീയതി 06/11/2003 പ്രകാരം KCCP LTD ന് ബോക്സൈറ്റ് ഖനനം മാത്രമേ ചെയ്യാവൂ എന്ന വ്യവസ്ഥയിൽ അനുവദിച്ച പ്രസ്തുത ഭൂമിയിൽ പ്രദേശ വാസികളുടെ എതിർപ്പ മൂലം 2015 മുതൽ ഖനനം നിർത്തിവച്ചിരിക്കുകയാണ് പ്രസ്തുത ഭൂമിയിൽ passion fruits, cashew, വാഴ, തെങ്ങ് മുതലായവ കൃഷി ചെയ്യുന്നതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത ഭൂമിയിൽ ഭാരത് പെട്രോളിയം കോർപ്പറേഷനുമായി ചേർന്ന് പെട്രോളിയം റീജിയണൽ ഔട്ട് ലെറ്റ് തുടങ്ങുന്നതിന് KCCPL ന് NOC നൽകാമോ എന്നതിന്മേൽ സ്പഷ്ടീകരണം നൽകണമെന്നും ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു. കെ.സി.സി.പി.എൽ സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമാണ് എന്നത് കണക്കിലെടുത്തും, വില ഈടാക്കിയാണ് ഭൂമി പതിച്ചു നൽകിയത് എന്നത് കണക്കിലെടുത്തും ഈ കേസിൽ പ്രത്യേക

പരിഗണന നൽകേണ്ടതുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായി നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ഭരണ വകുപ്പിന്റെ ഫയൽ പരിശോധിച്ചതിൽ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീ.സ.നം. 89/1 എ യിൽ ഉൾപ്പെടുന്ന 50 ഏക്കർ റവന്യൂ ഭൂമി സെന്റ് ഒന്നിന് 1000/- രൂപ നിരക്കിൽ കമ്പോള വില ഈടാക്കി കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് അലൂമിനസ് ലാറ്ററേറ്റും ബോക്സൈറ്റും ഖനനം നടത്തുന്നതിന് വേണ്ടി മാത്രം ഉപയോഗിക്കുന്നതിനായി കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പതിച്ച് നൽകിയിട്ടുള്ളതാണെന്ന് കാണുന്നു. എന്നാൽ, വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതു മേഖല സ്ഥാപനങ്ങളുടെ കൈവശമുള്ളതും റോഡിനോട് ചേർന്ന് കിടക്കുന്ന സ്വന്തം സ്ഥലങ്ങളിൽ പെട്രോൾ പമ്പ് തുടങ്ങാമെന്നുള്ള 23.12.2017 ലെ G.O.(MS)122/2017/ID എന്ന ഉത്തരവിനെ അടിസ്ഥാനമാക്കിയാണ് കമ്പനിക്ക് ഇപ്പോൾ കൈവശമുള്ളതും ടി ഉത്തരവ് പ്രകാരം പതിച്ചു നൽകിയതുമായ ഭൂമിയിൽ ഉൾപ്പെട്ട 40 സെന്റ് സ്ഥലം കമ്പനിയ്ക്ക് മറ്റു തരത്തിലുള്ള യാതൊരു ബാധ്യതയും വരാത്ത രീതിയിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് ലീസിന് നൽകി KCCP Ltd നേരിട്ടു നടത്തുന്ന പെട്രോൾ പമ്പ് ആരംഭിക്കുന്നതിന് അനുമതി തേടിയതെന്നും ആയതിന് വ്യവസായ വകുപ്പ് അനുമതി നൽകിയതായും കാണുന്നു. -

1960- ലെ ആക്റ്റിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം ഒരു പ്രത്യേക ആവശ്യത്തിന് പതിച്ചു നൽകിയ ഭൂമി, മറ്റൊരാവശ്യത്തിന് ഉപയോഗിക്കുന്ന സംഗതിയിൽ ടി പട്ടയം റദ്ദ് ചെയ്യാൻ ചട്ടങ്ങളിൽ വ്യവസ്ഥ ഉണ്ട്. എന്നാൽ, പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിന് ഭൂമി പാട്ടത്തിന് നൽകേണ്ടതാണെന്നു കമ്പനിയുടെ നിലവിലെ ആവശ്യം പൊതു താൽപര്യം മുൻനിർത്തി അനുവദിക്കേണ്ടതാണെന്ന് കാണുന്ന സംഗതിയിൽ 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ച് മറ്റൊരു സർക്കാർ ഉത്തരവിലൂടെ ടി 40 സെന്റ് ഭൂമിയ്ക്ക് പാട്ടം അനുവദിക്കുന്ന കാര്യത്തിൽ നയതീരുമാനം കൈകൊള്ളേണ്ടതാണെന്ന് അറിയിക്കുന്നു."

4. നിയമവകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ച് മറ്റൊരു സർക്കാർ ഉത്തരവിലൂടെ 40 സെന്റ് ഭൂമിയ്ക്ക് പാട്ടം അനുവദിക്കുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി .

"അലൂമിനസ് ലാറ്ററൈറ്റ്, ബോക്സൈറ്റ് ഖനനത്തിനായി വ്യവസായിക ആവശ്യം മുൻ നിർത്തി സൗജന്യ നിരക്ക് ഈടാക്കിക്കൊണ്ട് പതിച്ച് നല്കിയ ഭൂമിയിൽ പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നത് പോലുള്ള വാണിജ്യ ആവശ്യത്തിന് അനുമതി നല്കാൻ കഴിയില്ല

എന്നും ഭൂമിയുടെ നിലവിലെ കമ്പോളവില കണക്കാക്കി പ്രസ്തുത തുകയിൽ നിന്നും Kerala Clays & Ceramics Products Ltd മുൻപ് അടവ് വരുത്തിയ തുക കുറച്ച് കൊണ്ട് ബാക്കി തുക അടവാക്കുന്ന പക്ഷം മാത്രമേ ഭൂമിയിൽ പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് അനുമതി നല്കാൻ കഴിയൂ എന്നും അല്ലാത്ത പക്ഷം ഭൂമി പതിച്ച് നല്കിയപ്പോൾ ഉണ്ടായിരുന്ന വ്യവസ്ഥ ലംഘിച്ചതിന് ഭൂമി തിരിച്ചെടുക്കേണ്ടതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു. ഇതിനു ബഹു: ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

5. ധനകാര്യ വകുപ്പ് അലുമിനസ് ലാറ്ററേറ്റ്,ബോക്സൈറ്റ് ഖനനത്തിനായി വ്യവസായിക ആവശ്യം മുൻ നിർത്തി സൗജന്യ നിരക്ക് ഈടാക്കിക്കൊണ്ട് പതിച്ച് നല്കിയ ഭൂമി എന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും 06/11/2003-ലെ സ.ഉ (എം.എസ്) 356/2003/റവ നമ്പർ തീർപ്പുഫയൽ പരിശോധിച്ചതിൽ പ്രസ്തുത ഭൂമി നാമ മാത്രമായ നിരക്കിൽ പതിച്ച് നല്കുന്നതായി പരാമർശിച്ച് കാണുന്നില്ല .കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ റീ.സ.നം. 89/1 എ-യിൽ ഉൾപ്പെടുന്ന 50 ഏക്കർ സർക്കാർ ഭൂമി ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് ബോക്സൈറ്റ് ഖനനം നടത്തുന്നതിന് സെന്റ് 1 ന് 1000/- രൂപ നിരക്കിൽ കമ്പോള വില ഈടാക്കി പതിച്ച് നല്കാമെന്നാണ് ലാന്റ് റവന്യൂ കമ്മീഷണർ ശുപാർശ ചെയ്തിരുന്നത്. കൂടാതെ ജില്ലാ കളക്ടറുടെ വിശദമായ റിപ്പോർട്ടിൽ പതിവിന് ആധാരമായ സ്ഥലത്തിന് സെന്റൊന്നിന് 400 രൂപയേ വില വരുകയുള്ളൂ എന്നും എന്നാൽ പ്രസ്തുത തുക വളരെ കുറവായതിനാൽ ആ പ്രദേശത്തെ നിലവിലുള്ള കമ്പോള വിലയായ 1000/-രൂപ നിശ്ചയിക്കുകയും ചെയ്തതായി പ്രതിപാദിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമി സെന്റൊന്നിന് 1000/-രൂപാ നിരക്കിൽ കമ്പോളവില ഈടാക്കി പതിച്ച് നല്കാനുള്ള ധനകാര്യ വകുപ്പ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭായോഗതീരുമാനപ്രകാരമാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

6. മേൽ സാഹചര്യത്തിൽ, അലുമിനസ് ലാറ്ററൈറ്റ്, ബോക്സൈറ്റ് എന്നിവ ഖനനം നടത്തുന്നതിനായി കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് പതിച്ച് നല്കിയ 50 ഏക്കർ ഭൂമിയിൽ പെട്ട 40 സെന്റ് ഭൂമിയിൽ പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിനായി ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് പാട്ടത്തിന് നൽകുന്നതിന് 1964 ലെ കേരള ഭൂമി പതിച്ച് നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ച് മറ്റൊരു സർക്കാർ ഉത്തരവിലൂടെ കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് അനുമതി നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്മേൽ വ്യക്തതയ്ക്കായി ഫയൽ ധനകാര്യ വകുപ്പിലേക്ക് വീണ്ടും അയയ്ക്കുകയുണ്ടായി.

ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്

"അലുമിനസ് ലാറ്ററൈറ്റ്, ബോക്സൈറ്റ് ഖനനത്തിനായി വ്യവസായിക ആവശ്യം മുൻ നിർത്തി പതിച്ച് നല്കിയ ഭൂമിയിൽ പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നത് പോലുള്ള വാണിജ്യ ആവശ്യത്തിന് അനുമതി നല്കാൻ കഴിയില്ല എന്നും ഭൂമിയുടെ നിലവിലെ കമ്പോളവില കണക്കാക്കി പ്രസ്തുത തുകയിൽ നിന്നും Kerala Clays & Ceramics Products Ltd മുൻപ് അടവ് വരുത്തിയ തുക കുറച്ച് കൊണ്ട് ബാക്കി തുക അടവാക്കുന്ന പക്ഷം മാത്രമേ

ഭൂമിയിൽ പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് അനുമതി നല്കാൻ കഴിയൂ എന്നും അല്ലാത്ത പക്ഷം ഭൂമി പതിച്ച് നല്കിയപ്പോൾ ഉണ്ടായിരുന്ന വ്യവസ്ഥ ലംഘിച്ചതിന് ഭൂമി തിരിച്ചെടുക്കേണ്ടതാണ് എന്ന ധനവകുപ്പിന്റെ മുൻ അഭിപ്രായത്തിൽ ഉറച്ചു നില്ക്കുന്നു എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

7. നിലവിൽ ഈടാക്കിയിരിക്കുന്ന കമ്പോള വില 50 ഏക്കറിനാണ് എന്നുള്ളതിനാൽ മേൽ ഖണ്ഡികയിൽ വ്യക്തത വരുത്തുന്നതിന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിച്ചിരുന്നു.

ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"40 സെന്റ് ഭൂമിയുടെ കമ്പോളവില ഈടാക്കിയതിനു ശേഷം പ്രസ്തുത 40 സെന്റ് ഭൂമിയിൽ പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് Kerala Clays & Ceramics Products Ltd നു അനുമതി നല്കാവുന്നതാണ് എന്നും പെട്രോളിയം ഔട്ട് ലെറ്റ് Kerala Clays & Ceramics Products Ltd ന്റെ ഉടമസ്ഥതയിൽ ആയിരിക്കണം എന്നും ഭൂമി ഉപപാട്ടത്തിന് നല്കാനോ കൈമാറ്റം ചെയ്യാനോ പാടില്ല എന്ന് ഉത്തരവിൽ നിഷ്കർഷിക്കണം എന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."

8. 6/11/2003 ലെ സ.ഉ.(എം.എസ്) 356/03/റവ, 16/08/2005 ലെ സ.ഉ.(എം.എസ്) 254/05/റവ എന്നിവ പ്രകാരം കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് അലുമിനസ് ലാറ്ററൈറ്റ്, ബോക്സൈറ്റ് ഖനനം നടത്തുന്നതിന് വേണ്ടി മാത്രം ഉപയോഗിക്കുന്നതിനായി സെന്റിന് 1000 രൂപ കമ്പോളവില ഈടാക്കി പതിച്ചു നല്കിയ, കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീ.സ 89/1 എയിൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമിയിൽ പെട്ട 40 സെന്റ് ഭൂമിയുടെ കമ്പോളവില 30/03/22-ലെ സ.ഉ(പി)29/2022/നി.വ യുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ച് ആയത് ഈടാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കുന്ന വിഷയവും (ഭൂമിയുടെ ഫെയർ വാല്യൂ വർദ്ധിപ്പിച്ചുകൊണ്ട് 25/3/2023 ലെ G.O(P) 45/2023/Taxes പ്രകാരം ഉത്തരവായിട്ടുണ്ട്.), ടി 40 സെന്റ് ഭൂമിയിൽ പെട്രോളിയം ഔട്ട് ലെറ്റ് Kerala Clays & Ceramic Products Ltd ന്റെ ഉടമസ്ഥതയിൽ ആയിരിക്കണം എന്നും ഭൂമി ഉപപാട്ടത്തിന് നല്കാനോ കൈമാറ്റം ചെയ്യാനോ പാടില്ല എന്ന വ്യവസ്ഥയോടെയും പെട്രോളിയം ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് Kerala Clays & Ceramic Products Ltd നു പൊതു താൽപര്യം മുൻനിർത്തി , 1964 ലെ കേരള ഭൂമി പതിച്ചു നൽകൽ ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷാധികാരം വിനിയോഗിച്ച് അനുമതി നല്കുന്ന വിഷയവും മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന ഉത്തരവിനായി ബഹു മുഖ്യമന്ത്രിക്ക് ചംക്രമണംചെയ്തിരുന്നു.

തുടർന്ന്, ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഫയൽ വ്യവസായ വകുപ്പിന് അയച്ചിരുന്നു.

ബഹു. വ്യവസായ വകുപ്പ മന്ത്രി താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"റീട്ടെയ്ൽ, ഫ്യുവൽ ഔട്ട് ലെറ്റിനാവശ്യമായ ജനറേറ്റർ സെറ്റ്, എയർപമ്പ്, ഓയിൽ ചെയ്ഞ്ചർ തുടങ്ങിയ ചെലവുകൾ ഒഴികെ ഓഫീസ് കെട്ടിടങ്ങൾ, കനോപി, ഡിസ്പെൻസിംഗ് യൂണിറ്റുകൾ തുടങ്ങിയ മുഴുവൻ ചെലവുകളും വഹിക്കുന്നത് പ്രെട്രോളിയം

കമ്പനിയായ ബി.പി.സി.എല്ലാണ്. ബി.പി.സി.എൽ ഉൾപ്പെടെയുള്ള എണ്ണകമ്പനികളുടെ നിബന്ധനകൾ അനുസരിച്ച് സംയുക്ത സംരംഭമായി പെട്രോൾ പമ്പ് ആരംഭിക്കുന്നതിന് ആദ്യ 20 വർഷത്തേക്ക് ഭൂമി എണ്ണ കമ്പനിയ്ക്ക് പാട്ടത്തിന് നൽകേണ്ടതുണ്ട്. ലീസ് ഡീഡ് രജിസ്റ്റർ ചെയ്തതിനു ശേഷമേ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയുള്ളൂ. പെട്രോൾ പമ്പിന്റേയും ഭൂമിയുടേയും ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യേണ്ടതില്ലാത്തതാണ്. പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിനാവശ്യമായ 40 സെന്റ് ഭൂമിയുടെ കമ്പോള വില സർക്കാരിന് കെ.സി.സി.പി. ലിമിറ്റഡ് ഒടുക്കണമെന്ന വ്യവസ്ഥയിലും ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുകയോ ഉപപാട്ടം നൽകുകയോ ചെയ്യുവാൻ പാടില്ലായെന്ന വ്യവസ്ഥയിലും മേൽ ഭൂമി ബി.പി.സി.എൽ-ന് പാട്ടത്തിന് നൽകികൊണ്ട് ഫ്യൂവൽ ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് M/s KCCP Ltd. ന് അനുമതി നൽകാവുന്നതാണ്. ബഹു. മുഖ്യമന്ത്രി കണ്ടാലും. "

9. തുടർന്ന് മേൽ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി ."

10. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് ടി ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച് അഭിപ്രായമൊന്നും ധനകാര്യ വകുപ്പ് ലഭ്യമാക്കിയിരുന്നില്ല. ആയതിനാൽ വ്യവസായ വകുപ്പിന്റെ അഭിപ്രായത്തിന്മേൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

ടി വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെടുകയുണ്ടായി.

"കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ കേരള ക്ലേസ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡിന് (KCCPL) ബോക്സൈറ്റ് ഖനനം നടത്തുന്നതിന് വേണ്ടി പതിച്ച നൽകിയ ഭൂമിയിൽ നിന്നും പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിനാവശ്യമായ 40 സെന്റ് ഭൂമിയുടെ കമ്പോള വില സർക്കാരിന് കെ.സി.സി.പി. ലിമിറ്റഡ് ഒടുക്കണമെന്ന വ്യവസ്ഥയിലും ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുകയോ ഉപപാട്ടം നൽകുകയോ ചെയ്യുവാൻ പാടില്ലായെന്ന വ്യവസ്ഥയിലും പരാമർശിത 40 സെന്റ് ഭൂമി ബി.പി.സി.എൽ ന് 20 വർഷത്തേക്ക് പാട്ടത്തിന് നൽകികൊണ്ട് ഫ്യൂവൽ ഔട്ട് ലെറ്റ് ആരംഭിക്കുന്നതിന് M/s KCCP Ltd.ന് അനുമതി നല്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു.

ഇതിന് ബഹു. ധനമന്ത്രിയുടെ അംഗീകാരമുണ്ട്."

## <u>തീരുമാനിക്കേണ്ട വിഷയം</u>

6/11/2003 ലെ സ.ഉ.(എം.എസ്) 356/03/റവ, 16/08/2005 ലെ സ.ഉ.(എം.എസ്) 254/05/റവ എന്നിവ പ്രകാരം കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് അലുമിനസ് ലാറ്ററൈറ്റ്, ബോക്സൈറ്റ് ഖനനം നടത്തുന്നതിന് വേണ്ടി മാത്രം ഉപയോഗിക്കുന്നതിനായി സെന്റിന് 1000/- രൂപ (ആയിരം രൂപ മാത്രം) കമ്പോളവില

ഈടാക്കി പതിച്ചു നല്കിയ, കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് താലൂക്കിൽ കരിന്തളം വില്ലേജിൽ റീ.സ 89/1 എയിൽ പെട്ട 50 ഏക്കർ സർക്കാർ ഭൂമിയിൽ പെട്ട 40 സെന്റ് ഭൂമി 20 വർഷത്തേക്ക് BPCL ന് പാട്ടത്തിന് നല്കിക്കൊണ്ട് പ്രസ്തുത ഭൂമിയിൽ പെട്രോളിയം ഔട്ടലെറ്റ് ആരംഭിക്കുന്നതിന് ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി, 1964 ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരമുള്ള സർക്കാരിന്റെ സവിശേഷ അധികാരം വിനിയോഗിച്ച് കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന് അനുമതി നൽകാവുന്നതാണോ?

1) 40 സെന്റ് ഭൂമിയുടെ നിലവിലെ കമ്പോളവില കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് ഒടുക്കേണ്ടതാണ്. 40 സെന്റ് ഭൂമിയുടെ കമ്പോളവില 25/3/23 ലെ സ.ഉ (പി) 45/2023/നി.വയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിച്ച് പ്രസ്തുത തുകയിൽ നിന്നും 40 സെന്റ് ഭൂമിക്ക് മുൻപ് അടവു വരുത്തിയ തുക കുറച്ചുകൊണ്ട് ബാക്കി തുക കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിൽ നിന്നും ജില്ലാ കളക്ടർ ഈടാക്കേണ്ടതാണ്.

2) പെട്രോളിയം ഔട്ട് ലെറ്റ് കേരള ക്ലേസ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ആയിരിക്കണം.

3) ഭൂമി ഉപ പാട്ടത്തിന് നൽകുവാനോ അന്യാധീനപ്പെടുത്തുവാനോ പാടില്ല.

4) ഭൂമിയുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുവാൻ പാടില്ല.